# GOVERNMENT OF KERALA

## Abstract

Water Resources Department - 'Kerala Sustainable Coastal Protection and Climate Resilient Planning Project' implemented with the assistance of Asian Development Bank (ADB)- In-principle Sanction for Anti-Sea Erosion works in 10 hotspots and the implementation of the project to the Mission Directorate for PMU- WRD- Sanction accorded - Orders Issued.

## WATER RESOURCES (IR) DEPARTMENT

G.O.(Ms)No.33/2026/WRD Dated,Thiruvananthapuram, 15-03-2026

Read Letter No. MD/WRD/7/2025-AE1 dated 10/04/2025 and 27/05/2025 from the Mission Director (PMU-WRD).

## ORDER

**1.** As per the letter read above the Mission Director (PMU-WRD) has submitted a Detailed Project Report (DPR) for the implementation of the 'Kerala Sustainable Coastal Protection and Climate Resilient Planning Project' with financial assistance from the Asian Development Bank (ADB) and requested to issue Administrative Sanction for the same. The project aims to undertake comprehensive activities across a 90 km stretch of the coastline to mitigate coastal erosion. The planned activities, in line with global best practices, include the construction of offshore reefs, beach nourishment, rehabilitation of seawalls, sand retention structures, livelihood projects, and capacity-building programs. Accordingly, the Mission Director has requested in-principle approval for the 'Kerala Sustainable Coastal Protection and Climate Resilient Planning Project' to be implemented with ADB assistance at a total cost of 466.67 million USD (approximately ₹4,013 Crore, comprising 70% ADB loan and 30% State share). It has also been requested that the project implementation to be managed by Mission Directorate, PMU-WRD, which has already been established for World Bank-funded projects under the Water Resources Department.

**2**. Considering the urgent need for coastal protection, especially in hotspot areas, government intervention is imperative. Kerala has nine districts with extensive coastlines. Approximately 65 km of this coastline faces severe coastal erosion, resulting in loss of lives and significant damage to land, buildings, roads, bridges and other public and private properties.

Consequently, the Government has received numerous requests from the public and people's representatives for urgent protective measures, alongside various court orders directing the implementation of protection works along the coast. In order to overcome this situation, the Mission Director, PMU-WRD, has submitted the proposal to accord in-principle administrative sanction for the project titled 'Kerala Sustainable Coastal Protection and Climate Resilient Planning Project' to be implemented with the financial assistance of the Asian Development Bank (ADB).

**3**. In the interregnum, Government held consultations with various key financial institutions including external agencies like World Bank and internal agencies like KIIFB for funds for the comprehensive coastal management activities. As the World Bank's support was primarily focused on technical inputs, the State concurrently sought broader assistance from other institutions like Asian Development Bank(ADB). Under the World Bank aided Project ‘Resilient Kerala Program-for-Results Project’ a comprehensive Shoreline Management Plan (SMP) and implementing protective investments in critical coastal areas (30 critical locations along Kerala’s coast, covering a total of 30 km) a total of USD 90 million (₹755 Crore) has been allocated under the Additional Financing (AF) of the World Bank Project (DLI 10). As the scale of funding allocated appeared insufficient to adequately tackle Kerala's extensive coastal erosion challenges, seeking of alternative funding options has become inevitable to implement the comprehensive large-scale investment projects urgently required for sustainable coastal protection. Hence financial assistance from ADB was sought and a Preliminary Project Report (PPR) was prepared by the Irrigation Department for implementation of “Kerala Sustainable Coastal Protection and Climate Resilience Planning Project (PPRID-11669)”, for the coastal protection at the 10 hotspots. This project adopts a direct funding mechanism (IPF-Investment Project Funding), which helps in the rapid implementation of critical interventions. The project aims to implement long-term and sustainable coastal protection solutions in critical locations identified as requiring urgent and site-specific interventions based on studies and research. The Preliminary Project Report(PPR) received all official approvals from the Central Government by July 2024. The total cost of the project, "Kerala Sustainable Coastal Protection and Climate Resilience Planning Project (PPRID-11669)" is approximately $466.67 million which amounts to around ₹4013 Crores (as per the current exchange rate). While 70% of the project cost ie $326.67 million (approx. ₹2809 Crore) will be provided through ADB loan, the remaining 30% i.e $140 million (approx.

₹1204 Crore) will be the State share.

**4.** Government have examined the matter in detail and are pleased to accord in-Principle Sanction for the Anti Sea Erosion works to the following **10 hotspots** by making available ADB funding under Kerala Sustainable Coastal Protection and Climate Resilience Planning Project.

Thiruvananthapuram-Shankhumukham
Thiruvananthapuram-Varkala
Kollam-Alappad
Alappuzha-Valiyazheekal–Thrikkunnapuzha
Ernakulam-Vypin
Thrissur-Kodungalloor–Kaippamangalam
Malappuram-Ponnani
Kozhikkode-Kappad
Kannur - Thalassery
Kasaragod – Valiyaparamba

**5.** Sanction is also accorded for the implementation of the Project by the Mission Directorate PMU -WRD which has already been established for World Bank Projects.

(By order of the Governor)
BISHWANATH SINHA
ADDITIONAL CHIEF SECRETARY

To:
The Mission Director, Mission Directorate (PMU-WRD), Thiruvananthapuram
Chief Engineer, Irrigation & Administation, Thiruvananthapuram
The Principal Accountant General (Audit/A&E), Kerala, Thiruvananthapuram.
The Finance Department
The General Administration (SC) Department. (Item No.3918 dated 13/03/2026)
Web & New Media (For publishing in the Web site)
Stock File/Office Copy.

Forwarded /By order
**Signed by Anil Kumar P**
**Date: 15-03-2026 13:31:09**
Section Officer

Copy To:-
Principal Secretary to Hon'ble Chief Minister

Private Secretary to Hon’ble Chief Minister
Private Secretary to Hon’ble Minister, Water Resources Department
PA to Additional Chief Secretary, Water Resources Department

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 13-03-2026**

ഫയൽ നം. ഐ.ആർ.1/132/2024/ജവിവ. ഇനം നം: 3918

വിഷയം : ജലവിഭവ വകുപ്പ് - കേരള സസ്റ്റൈനബിൾ കോസ്റ്റൽ പ്രൊട്ടക്ഷൻ ആൻഡ് ക്ലൈമറ്റ് റെസിലിയൻസ് പ്ലാനിംഗ് പ്രോജക്ടിന് കീഴിൽ എ.ഡി.ബി. ധനസഹായം ലഭ്യമാക്കി 10 ഹോട്ട്സ്പോട്ടുകളിലെ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾക്ക് തത്വത്തിൽ ഭരണാനുമതി നൽകുന്നതും ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട ലോകബാങ്ക് പദ്ധതികൾക്കായി ഇതിനകം സ്ഥാപിച്ചിട്ടുള്ള പി.എം.യു.-ഡബ്ല്യു.ആർ.ഡി. മിഷൻ ഡയറക്ടറേറ്റിൽ ഏല്പിച്ചു പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകുന്നതും.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ്.

**GOVERNMENT OF KERALA**
**(SHRI. PINARAYI VIJAYAN MINISTRY)**
**Note for the Council of Ministers**

| | | | |
|---|---|---|---|
| 1. | File No. | : | IR1/132/2024 -WRD |
| 2. | Department | : | Water Resources (IR) Department |
| 3. | Subject | : | WRD - In-Principle Administrative sanction for the Anti Sea Erosion Works of 10 hotspots by making available ADB funding under Kerala Sustainable Coastal Protection and Climate Resilience Planning Project and also sanction for the project implementation to be entrusted to Mission Directorate for PMU - WRD which has already been established for World Bank projects connected with the Water Resources Department- Reg |
| 4. | Date of Chief Minister's order for placing before the Council | : | 08.03.2026 |
| 5. | (i) Does the case involve financial commitments/implications | : | Yes |
| | (ii) If the answer to the above is in the affirmative, whether Finance Dept. been consulted and their remarks incorporated in the Council Note. | : | Yes |
| 6. | Are any other departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council | : | No |
| 7. | Name of Joint Secretary who submitted the Draft Note. | : | Smt.Deepa N.C |
| 8. | Name of Additional Chief Secretary who approved the Draft Note. | : | Shri. Bishwanath Sinha |
| 9. | Date of approval of the Draft note for the Council by the Additional Chief Secretary. | : | 09.03.2026 |
| 10. | Name of Chief Secretary who approved the Draft Note. | : | Dr. A.Jayathilak |
| 11. | Date of approval of the Draft Note for the Council by the Chief Secretary. | : | 10.03.2026 |
| 12. | Name of Minister who approved the Draft note. | : | Sri.Roshy Augustine |
| 13. | Date of approval of the Draft Note for the Council by the Minister | : | 10.03.2026 |
| 14. | Date of Submission of Fair Copies | : | 12.03.2026 |
| 15. | Date of decision by the Council of Ministers. | : | |
| 16. | Number and date of the G.O./letter communicating the decision. | : | |

**Notes for the Council of Ministers**

This note deals with the In-Principle Administrative sanction for the Anti Sea Erosion Works of 10 hotspots by making available ADB funding under Kerala Sustainable Coastal Protection and Climate Resilience Planning Project and also sanction for the project implementation to be entrusted to Mission Directorate for PMU- WRD which has already been established for World Bank projects connected with the Water Resources Department.

2) Mission Director (PMU-WRD) has forwarded the detailed Project Report for Administrative Sanction for implementing the project by making available ADB funding under Kerala Sustainable Coastal Protection and Climate Resilience Planning Project.

3)The Project aims to undertake comprehensive activities along a 90 km stretch of coastline to mitigate coastal erosion. Planned activities include the construction of offshore reefs, beach nourishment, sea wall restoration, sand retention structures, livelihood projects, and capacity-building programs all in line with global best practices. Hence the Mission Director has requested for in-principle administrative sanction for the ADB-funded Kerala Sustainable Coastal Protection and Climate Resilience Planning Project, with a total estimated cost of $466.67 million (approximately around ₹4013 Crore with 70% ADB loan and 30% state share). And also requested for project implementation to be managed by the Mission Directorate for PMU -WRD which has already been established for World Bank projects connected with the Water Resources Department.

4) It is to be noted that another proposal from the Chief Engineer, Irrigation & Administration seeking KIIFB approval for coastal protection works for the 5 hotspots (Sanghumukham and Kollamcode in Thiruvanathapuram, Alappad in Kollam, Chellanam Phase II in Ernakulam, Kappad in Kozhikkode) were processed as separate proposals for each hotspot for getting approval from the Council of Ministers for KIIFB funding have also been incorporated in the present proposal from Mission Director. In that file, in-Principle Sanction were

given to Kollamcode and Chellanam Phase II. At present, it is proposals for the Kappad, Alappad and Shankhumukham are under the consideration of the Finance Department to make funds available to KIIFB.

5) Given the urgent need for coastal protection, especially in hotspot areas, it is imperative for the Government to take action. The Hon'ble Chief Minister has ordered to place the projects which are already approved and have complete estimates, DPRs, and designs before the cabinet for consideration.

6) Kerala has nine districts with extensive coastline. Approximately 65 kilometers of this coastline is experiencing severe coastal erosion, resulting in loss of life, significant damages to landed property, buildings, roads, bridges and other public and private properties, and hence the Government have received numerous requests from the public/people's representatives for urgent protective measures. Various Court orders for executing protective measures in the coastline have also been received.

7) In order to tide over this situation, the Mission Director, PMU-WRD has forwarded a project proposal for in-Principle Administrative Sanction for the project 'Kerala Sustainable Coastal Protection and Climate Resilience Planning Project' with funding from Asian Development Bank(ADB).

**The critical hotspot locations identified are as follows:-**

1.Thiruvananthapuram-Shankhumukham
2. Thiruvananthapuram- Kollamcode - Pozhiyoor (In -Principle Sanction accorded)
3.Thiruvananthapuram-Varkala
4.Kollam-Alappad
5.Alappuzha-Valiyazheekal–Thrikkunnapuzha
6.Ernakulam-Chellanam–Phase II (In-Principle Sanction accorded)
7.Ernakulam-Vypin
8.Thrissur-Kodungalloor–Kaippamangalam
9.Malappuram-Ponnani

10.Kozhikkode-Kappad
11. Kannur - Thalassery
12. Kasaragod – Valiyaparamba

8) In the interregnum, the Government held consultations with various key financial institutions including external agencies like World Bank and internal agencies like KIIFB for funds for the comprehensive coastal management activities. As the World Bank's support was primarily focused on technical inputs, the State concurrently sought broader assistance from other institutions like Asian Development Bank(ADB). Under the World Bank aided Project 'Resilient Kerala Program-for-Results Project' a comprehensive Shoreline Management Plan (SMP) and implementing protective investments in critical coastal areas (30 critical locations along Kerala's coast, covering a total of 30 km) a total of USD 90 million (₹755 Crore) has been allocated under the Additional Financing (AF) of the World Bank Project (DLI 10). As the scale of funding allocated appeared insufficient to adequately tackle Kerala's extensive coastal erosion challenges, seeking of alternative funding options has become inevitable to implement the comprehensive large-scale investment projects urgently required for sustainable coastal protection.

9) Hence financial assistance from ADB was sought and a Preliminary Project Report (PPR) was prepared by the Irrigation Department for implementation of "Kerala Sustainable Coastal Protection and Climate Resilience Planning Project (PPRID-11669)", for the coastal protection at the 10 hotspot. This project adopts a direct funding mechanism (IPF-Investment Project Funding), which helps in the rapid implementation of critical interventions. The project aims to implement long-term and sustainable coastal protection solutions in critical locations identified as requiring urgent and site-specific interventions based on studies and research. Components of the project are the following

1: Climate-Resilient Coastal Protection and Restoration.

2: Livelihood Enhancement and Community Resilience.

3:Institutional Strengthening and Integrated Coastal Zone Management (ICZM).

Major activities in the project are the following:

1. Develop and implement a comprehensive strategy to enhance climate resilience along the 90 km stretch of Kerala's coastline.
2. Protection of 120 km of coastal roads, including national and state highways, from coastal erosion and damage.
3. Prevention of land loss, coastal flooding and damage to fishermen's dwellings in 33 coastal villages.
4. Increase in nearshore fishing and other livelihood activities.
5. Prevention of the displacement of local communities.
6. Boost economic activity in coastal regions by supporting future coastal development initiatives, including coastal highways, infrastructure, tourism and offering skills development opportunities.
7. Increase in beach tourism, especially at popular destinations of Shangumugham, Varkala, Kappad and Valiyaparamba beach.
8. Capacity building of the state agency in coastal processes, design of coastal protection methods, large project implementation and monitoring.
9. Protection of important public utilities, including the international airport, hospitals and schools.
10. Create a green belt as part of environmental restoration efforts and restore lost beaches to revive natural habitats.

10) The Preliminary Project Report(PPR) received all official approvals from the Central Government by July 2024. The total cost of the project, "Kerala Sustainable Coastal Protection and Climate Resilience Planning Project (PPRID-11669)" is approximately $466.67 million which amounts to around ₹4013 Crores (as per the current exchange rate). While 70% of the project cost ie $326.67 million

(approx. ₹2809 Crore) will be provided through ADB loan, the remaining 30% i.e $140 million (approx. ₹1204 Crore) will be the State share.

11) Hence the proposal from the Mission Director for in-principle Administrative Sanction for the ADB-funded Kerala Sustainable Coastal Protection and Climate Resilience Planning Project, with a total budget of $466.67 million (approximately around ₹4013 Crore with 70% ADB loan and 30% state share) for 10 (Ten) identified hotspots was forwarded to Finance Department and that department has informed as follows:-

"AD is informed to place the proposal in the Cabinet.
This has the approval of Hon.Chief Minister of Kerala."

**Points for decision**

**(a)** Whether in-Principle Sanction may be accorded for the Anti Sea Erosion works to the following 10 hotspots out of the 12 hotspots submitted by the Mission Director, by excluding Chellanam Phase II and Kollamcode which have been approved, for implementing the project by making available ADB funding under Kerala Sustainable Coastal Protection and Climate Resilience Planning Project.

1.Thiruvananthapuram-Shankhumukham
2.Thiruvananthapuram-Varkala
3.Kollam-Alappad
4.Alappuzha-Valiyazheekal–Thrikkunnapuzha
5.Ernakulam-Vypin
6.Thrissur-Kodungalloor–Kaippamangalam
7.Malappuram-Ponnani
8.Kozhikkode-Kappad
9. Kannur - Thalassery
10. Kasaragod – Valiyaparamba

**(b)** And also whether sanction may be accorded for the project implementation to be managed by the Mission Directorate for PMU -

WRD which has already been established for World Bank projects connected with the Water Resources Department?

**കേരള സർക്കാർ**
**(ശ്രീ പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ഐ.ആർ1/132/2024-ജവിവ |
| 2. | വകുപ്പ് | | ജലവിഭവ (ഐ.ആർ) വകുപ്പ് |
| 3. | വിഷയം | : | ജലവിഭവ വകുപ്പ് - കേരള സസ്റ്റൈനബിൾ കോസ്റ്റൽ പ്രൊട്ടക്ഷൻ ആൻഡ് ക്ലൈമറ്റ് റെസിലിയൻസ് പ്ലാനിംഗ് പ്രോജക്റ്റിന് കീഴിൽ എ. ഡി.ബി ധനസഹായം ലഭ്യമാക്കി 10 ഹോട്ട്സ്പോട്ടുകളിലെ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾക്ക് തത്വത്തിൽ ഭരണാനുമതി നൽകുന്നതും ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട ലോകബാങ്ക് പദ്ധതികൾക്കായി ഇതിനകം സ്ഥാപിച്ചിട്ടുള്ള പി.എം.യു-ഡബ്ല്യു.ആർ.ഡി മിഷൻ ഡയറക്ടറേറ്റിൽ ഏല്പിച്ചു പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകുന്നതും- സംബന്ധിച്ച് |
| 4. | മന്ത്രി സഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 08.03.2026 |
| 5. | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ ? | : | അതെ |
| | (ii)സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | അതെ |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിട്ടിട്ടുണ്ടോ ? | : | ഇല്ല |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര്? | : | ശ്രീമതി. ദീപ.എൻ.സി |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് ? | : | ശ്രീ. ബിശ്വനാഥ് സിൻഹ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 09.03.2026 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.എ. ജയതിലക് |
| 11. | മന്ത്രിസഭയുടെ കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 10.03.2026 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. റോഷി അഗസ്റ്റിൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 10.03.2026 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 12.03.2026 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി. | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കേരള സസ്റ്റൈനബിൾ കോസ്റ്റൽ പ്രൊട്ടക്ഷൻ ആൻഡ് ക്ലൈമറ്റ് റെസിലിയൻസ് പ്ലാനിംഗ് പ്രോജക്ടിന് കീഴിൽ എ.ഡി.ബി ധനസഹായം ലഭ്യമാക്കി 10 ഹോട്ട്സ്പോട്ടുകളിലെ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾക്ക് തത്വത്തിൽ ഭരണാനുമതി നൽകുന്നതും ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട ലോകബാങ്ക് പദ്ധതികൾക്കായി ഇതിനകം സ്ഥാപിച്ചിട്ടുള്ള പി.എം.യു-ഡബ്ല്യു.ആർ.ഡി മിഷൻ ഡയറക്ടറേറ്റിൽ ഏല്പിച്ച പദ്ധതി നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകുന്നതും സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) കേരള സസ്റ്റൈനബിൾ കോസ്റ്റൽ പ്രൊട്ടക്ഷൻ ആൻഡ് ക്ലൈമറ്റ് റെസിലിയൻസ് പ്ലാനിംഗ് പ്രോജക്ടിന് കീഴിൽ എഡിബി ധനസഹായം ലഭ്യമാക്കി പദ്ധതി നടപ്പാക്കുന്നതിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് മിഷൻ ഡയറക്ടർ (പിഎംയു-ഡബ്ല്യുആർഡി) ലഭ്യമാക്കിയിട്ടുണ്ട്.

3) തീരദേശ മണ്ണൊലിപ്പ് ലഘൂകരിക്കുന്നതിനായി 90 കിലോമീറ്റർ നീളമുള്ള തീരപ്രദേശത്ത് സമഗ്രമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഓഫ്ഷോർ റീഫുകളുടെ നിർമ്മാണം, ബീച്ച് പോഷണം, കടൽഭിത്തി പുനഃസ്ഥാപിക്കൽ, മണൽ നിലനിർത്തൽ ഘടനകൾ, ഉപജീവന പദ്ധതികൾ, ശേഷി വർദ്ധിപ്പിക്കൽ പരിപാടികൾ എന്നിവയെല്ലാം ആഗോള മികച്ച സമ്പ്രദായങ്ങൾക്ക് അനുസൃതമായി ആസൂത്രിത പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. അതിനാൽ മൊത്തം 466.67 ദശലക്ഷം ഡോളർ ചെലവിൽ എഡിബി ധനസഹായം നൽകുന്ന കേരള സസ്റ്റൈനബിൾ കോസ്റ്റൽ പ്രൊട്ടക്ഷൻ ആൻഡ് ക്ലൈമറ്റ് റെസിലിയൻസ് പ്ലാനിംഗ് പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകണമെന്ന് മിഷൻ ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട് (70% എഡിബി വായ്പയും 30% സംസ്ഥാന വിഹിതവും ഉള്ള ഏകദേശം 4013 കോടി രൂപ). ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട ലോകബാങ്ക് പദ്ധതികൾക്കായി ഇതിനകം സ്ഥാപിച്ചിട്ടുള്ള പിഎംയു-ഡബ്ല്യുആർഡി മിഷൻ ഡയറക്ടറേറ്റ് പദ്ധതി നടപ്പാക്കൽ കൈകാര്യം ചെയ്യണമെന്നും അഭ്യർത്ഥിച്ചു.

4) KIIFB ധനസഹായത്തോടെയുള്ള കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങളുടെ മന്ത്രിസഭ മുൻപാകെ സമർപ്പിക്കുന്നതിനുള്ള 5 ഹോട്ട് സ്പോട്ടുകളുടെ വെവ്വേറെ പ്രൊപ്പോസലുകളിൽ മിഷൻ ഡയറക്ടർ സമർപ്പിച്ച പ്രവൃത്തികളും ഉൾപ്പെട്ടു വരുന്നു. ആ ഫയലുകളിൽ കൊല്ലംകോട്, ചെല്ലാനം ഫേസ് II എന്നിവയ്ക്ക് തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. കാപ്പാട്, ആലപ്പാട്,

ശംഖുമുഖം എന്നിവയ്ക്ക് KIIFB യിൽ ഫണ്ട് ലഭ്യമാക്കി പ്രവൃത്തി നടത്തുവാൻ പ്രത്യേകമായി ഫയൽ കൈകാര്യം ചെയ്യുന്നതും ആയതിപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണയിലുമാണ്.

5) തീരദേശ സംരക്ഷണത്തിന്റെ അടിയന്തര ആവശ്യം കണക്കിലെടുത്ത്, പ്രത്യേകിച്ച് ഹോട്ട്സ്പോട്ട് പ്രദേശങ്ങളിൽ, സർക്കാർ നടപടിയെടുക്കേണ്ടത് അനിവാര്യമാണ്. ഇതിനകം അംഗീകരിച്ചതും പൂർണ്ണമായ എസ്റ്റിമേറ്റുകളും ഡിപിആറുകളും ഡിസൈനുകളും ഉള്ളതുമായ പദ്ധതികൾ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവിട്ടിരുന്നു .

6) വിപുലമായ തീരപ്രദേശമുള്ള ഒമ്പത് ജില്ലകളാണ് കേരളത്തിലുള്ളത്. ഈ തീരപ്രദേശത്തിന്റെ ഏകദേശം 65 കിലോമീറ്റർ കടുത്ത തീരദേശ മണ്ണൊലിപ്പ് നേരിടുന്നു, അതിന്റെ ഫലമായി ജീവൻ നഷ്ടപ്പെടുന്നു, ഭൂവുടമകൾ, കെട്ടിടങ്ങൾ, റോഡുകൾ, പാലങ്ങൾ, മറ്റ് പൊതു-സ്വകാര്യ സ്വത്തുക്കൾ എന്നിവയ്ക്ക് കാര്യമായ നാശനഷ്ടങ്ങൾ സംഭവിക്കുന്നു, അതിനാൽ അടിയന്തര സംരക്ഷണ നടപടികൾക്കായി പൊതുജനങ്ങളിൽ നിന്നും ജനപ്രതിനിധികളിൽ നിന്നും സർക്കാരിന് നിരവധി അഭ്യർത്ഥനകൾ ലഭിച്ചിട്ടുണ്ട്. തീരപ്രദേശത്ത് സംരക്ഷണ നടപടികൾ നടപ്പിലാക്കുന്നതിനുള്ള വിവിധ കോടതി ഉത്തരവുകളും ലഭിച്ചിട്ടുണ്ട്.

7) ഈ സാഹചര്യത്തെ മറികടക്കാൻ, ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ ധനസഹായത്തോടെ 'കേരള സുസ്ഥിര തീരദേശ സംരക്ഷണ, കാലാവസ്ഥാ പ്രതിരോധ ആസൂത്രണ പദ്ധതി' എന്ന പദ്ധതിക്ക് തത്വത്തിൽ ഭരണപരമായ അനുമതി നൽകുന്നതിനുള്ള നിർദ്ദേശം പിഎംയു-ഡബ്ല്യുആർഡി മിഷൻ ഡയറക്ടർ കൈമാറി.

**തിരിച്ചറിഞ്ഞ നിർണായക ഹോട്ട്സ്പോട്ട് സ്ഥലങ്ങൾ ഇവയാണ്:-**

1. തിരുവനന്തപുരം-ശംഖുമുഖം
2. തിരുവനന്തപുരം-കൊല്ലംകോട്-പൊഴിയൂർ( In-Principle Sanction accorded)
3. തിരുവനന്തപുരം-വർക്കല
4. കൊല്ലം-ആലപ്പാട്
5. ആലപ്പുഴ-വലിയഴീക്കൽ-തൃക്കുന്നപ്പുഴ
6. എറണാകുളം-ചെല്ലാനം-ഫേസ് II (In Principle Sanction accorded)
7. എറണാകുളം-വൈപ്പിൻ
8. തൃശ്ശൂർ-കൊടുങ്ങല്ലൂർ-കൈപ്പമംഗലം
9. മലപ്പുറം-പൊന്നാനി

10. കോഴിക്കോട് -കാപ്പാട്
11. കണ്ണൂർ - തലശ്ശേരി
12. കാസർഗോഡ് - വലിയപറമ്പ

8) സമഗ്രമായ തീരദേശ പരിപാലന പ്രവർത്തനങ്ങൾക്കുള്ള ഫണ്ടിനായി ലോകബാങ്ക് പോലുള്ള ബാഹ്യ ഏജൻസികൾ, കിഫ്ബി പോലുള്ള ആഭ്യന്തര ഏജൻസികൾ എന്നിവയുൾപ്പെടെ വിവിധ പ്രധാന ധനകാര്യ സ്ഥാപനങ്ങളുമായി ഈ കാലയളവിൽ സർക്കാർ കൂടിയാലോചനകൾ നടത്തി. ലോകബാങ്കിന്റെ പിന്തുണ പ്രാഥമികമായി സാങ്കേതിക നിക്ഷേപങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നതിനാൽ, ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് (എഡിബി) പോലുള്ള മറ്റ് സ്ഥാപനങ്ങളിൽ നിന്ന് സംസ്ഥാനം ഒരേസമയം വിശാലമായ സഹായം തേടി. ലോകബാങ്ക് സഹായത്തോടെയുള്ള 'റെസിലിയന്റ് കേരള പ്രോഗ്രാം ഫോർ റിസൾട്ട് പ്രോജക്റ്റ്' എന്ന പദ്ധതിക്ക് കീഴിൽ സമഗ്രമായ ഷോർലൈൻ മാനേജ്മെന്റ് പ്ലാൻ (എസ്.എം.പി) നടപ്പാക്കുകയും നിർണായക തീരപ്രദേശങ്ങളിൽ (കേരള തീരത്തെ 30 നിർണായക സ്ഥലങ്ങൾ, മൊത്തം 30 കിലോമീറ്റർ) മൊത്തം 90 ദശലക്ഷം യുഎസ് ഡോളർ (755 കോടി രൂപ) ലോകബാങ്ക് പദ്ധതിയുടെ (ഡി.എൽ.ഐ 10) അധിക ധനസഹായത്തിന് (എ.എഫ്) അനുവദിക്കുകയും ചെയ്തു. കേരളത്തിന്റെ വിപുലമായ തീരദേശ മണ്ണൊലിപ്പ് വേണ്ടത്ര നേരിടാൻ അനുവദിച്ച ധനസഹായം അപര്യാപ്തമാണെന്ന് തോന്നിയതിനാൽ, സുസ്ഥിര തീരദേശ സംരക്ഷണത്തിന് അടിയന്തരമായി ആവശ്യമായ സമഗ്രമായ വലിയ തോതിലുള്ള നിക്ഷേപ പദ്ധതികൾ നടപ്പിലാക്കുന്നതിന് ബദൽ ധനസഹായ ഓപ്ഷനുകൾ തേടുന്നത് അനിവാര്യമായിത്തീർന്നിരിക്കുന്നു.

9) അതുകൊണ്ട്, ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിൽ (ADB) നിന്നുള്ള സാമ്പത്തിക സഹായം തേടുകയും, 10 ഹോട്ട്സ്പോട്ടുകളിലെ തീരസംരക്ഷണത്തിനായി "കേരള സുസ്ഥിര തീരസംരക്ഷണവും കാലാവസ്ഥാ പ്രതിരോധ ആസൂത്രണ പദ്ധതിയും (PPRID-11669)" നടപ്പിലാക്കുന്നതിനായി ജലസേചന വകുപ്പ് ഒരു പ്രാഥമിക പദ്ധതി റിപ്പോർട്ട് (PPR) തയ്യാറാക്കുകയും ചെയ്തു. ഈ പദ്ധതി ഒരു നേരിട്ടുള്ള ധനസഹായ സംവിധാനമാണ് (IPF-ഇൻവെസ്റ്റ്മെന്റ് പ്രോജക്റ്റ് ഫണ്ടിംഗ്) സ്വീകരിക്കുന്നത്, ഇത് നിർണ്ണായകമായ ഇടപെടലുകൾ വേഗത്തിൽ നടപ്പിലാക്കാൻ സഹായിക്കുന്നു. പഠനങ്ങളുടെയും ഗവേഷണങ്ങളുടെയും അടിസ്ഥാനത്തിൽ, അടിയന്തരവും പ്രാദേശികവുമായ ഇടപെടലുകൾ ആവശ്യമാണെന്ന് കണ്ടെത്തിയിട്ടുള്ള നിർണ്ണായക സ്ഥലങ്ങളിൽ

ദീർഘകാലവും സുസ്ഥിരവുമായ തീരസംരക്ഷണ മാർഗങ്ങൾ നടപ്പിലാക്കുക എന്നതാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. പദ്ധതിയുടെ പ്രധാന ഘടകങ്ങൾ താഴെ പറയുന്നവയാണ്:

1: കാലാവസ്ഥാ പ്രതിരോധശേഷിയുള്ള തീരസംരക്ഷണവും പുനരുദ്ധാരണവും.

2: ഉപജീവനമാർഗങ്ങൾ മെച്ചപ്പെടുത്തലും കമ്മ്യൂണിറ്റി പ്രതിരോധശേഷിയും.

3:സ്ഥാപനപരമായ ശാക്തീകരണവും സംയോജിത തീരദേശ പരിപാലനവും (ICZM).

ടി പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്:

1. കേരളതീരത്തെ 90 കിലോമീറ്റർ ദൂരത്തിൽ കാലാവസ്ഥാ പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനായി സമഗ്രമായ ഒരു തന്ത്രം ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുക.
2. ദേശീയ-സംസ്ഥാന പാതകൾ ഉൾപ്പെടെയുള്ള 120 കിലോമീറ്റർ തീരദേശ റോഡുകളെ കടലാക്രമണത്തിൽ നിന്നും നാശനഷ്ടങ്ങളിൽ നിന്നും സംരക്ഷിക്കുക.
3. 33 തീരദേശ ഗ്രാമങ്ങളിലെ ഭൂമി നഷ്ടപ്പെടുന്നത് തടയുക, കൂടാതെ തീരദേശ വെള്ളപ്പൊക്കം, മത്സ്യത്തൊഴിലാളികളുടെ വീടുകൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ എന്നിവ പ്രതിരോധിക്കുക.
4. തീരക്കടലിലെ മത്സ്യബന്ധനവും മറ്റ് ഉപജീവന പ്രവർത്തനങ്ങളും വർദ്ധിപ്പിക്കുക.
5. പ്രാദേശിക സമൂഹങ്ങളുടെ കുടിയൊഴിപ്പിക്കൽ ഒഴിവാക്കുക.
6. തീരദേശ ഹൈവേകൾ, അടിസ്ഥാന സൗകര്യങ്ങൾ, ടൂറിസം തുടങ്ങിയ ഭാവി വികസന പദ്ധതികൾക്ക് പിന്തുണ നൽകിക്കൊണ്ടും നൈപുണ്യ വികസനത്തിന് അവസരമൊരുക്കിക്കൊണ്ടും തീരദേശ മേഖലയിലെ സാമ്പത്തിക പ്രവർത്തനങ്ങൾ ഉത്തേജിപ്പിക്കുക.
7. ശംഖുമുഖം, വർക്കല, കാപ്പാട്, വലിയപറമ്പ തുടങ്ങിയ പ്രശസ്തമായ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ കടൽത്തീര വിനോദസഞ്ചാരം (Beach Tourism) വർദ്ധിപ്പിക്കുക.

8. തീരദേശ പ്രക്രിയകൾ, തീരസംരക്ഷണ മാർഗങ്ങളുടെ രൂപകല്പന, വൻകിട പദ്ധതികളുടെ നടത്തിപ്പും നിരീക്ഷണവും എന്നിവയിൽ സർക്കാർ ഏജൻസികളുടെ ശേഷി വർദ്ധിപ്പിക്കുക.

9. അന്താരാഷ്ട്ര വിമാനത്താവളം, ആശുപത്രികൾ, സ്കൂളുകൾ ഉൾപ്പെടെയുള്ള പ്രധാന പൊതുസൗകര്യങ്ങൾ സംരക്ഷിക്കുക.

10. പരിസ്ഥിതി പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഒരു ഹരിത വലയം (Green belt) സൃഷ്ടിക്കുകയും നഷ്ടപ്പെട്ട കടൽത്തീരങ്ങൾ വീണ്ടെടുത്ത് സ്വാഭാവിക ആവാസവ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുകയും ചെയ്യുക.

10) പ്രാഥമിക പദ്ധതി റിപ്പോർട്ടിന് (PPR) 2024 ജൂലൈയോടെ കേന്ദ്ര സർക്കാരിൽ നിന്നുള്ള എല്ലാ ഔദ്യോഗിക അംഗീകാരങ്ങളും ലഭിച്ചു. "കേരള സുസ്ഥിര തീരസംരക്ഷണവും കാലാവസ്ഥാ പ്രതിരോധ ആസൂത്രണ പദ്ധതിയും (PPRID-11669)" എന്ന ഈ പദ്ധതിയുടെ ആകെ ചിലവ് ഏകദേശം 466.67 ദശലക്ഷം ഡോളറാണ്; ഇത് ഏകദേശം ₹4013 കോടി രൂപയോളം വരും (നിലവിലെ വിനിമയ നിരക്ക് പ്രകാരം). പദ്ധതി ചിലവിന്റെ 70 ശതമാനം, അതായത് 326.67 ദശലക്ഷം ഡോളർ (ഏകദേശം 2809 കോടി രൂപ) എ.ഡി.ബി (ADB) വായ്പയിലൂടെ ലഭ്യമാകും, ബാക്കി 30 ശതമാനം തുകയായ 140 ദശലക്ഷം ഡോളർ (ഏകദേശം 1204 കോടി രൂപ) സംസ്ഥാന വിഹിതമായിരിക്കും.

11) അതുകൊണ്ട്, ആകെ 466.67 ദശലക്ഷം ഡോളർ (ഏകദേശം 4013 കോടി രൂപ; ഇതിൽ 70% എ.ഡി.ബി വായ്പയും 30% സംസ്ഥാന വിഹിതവുമാണ്) ചിലവ് വരുന്നതും, തിരഞ്ഞെടുത്ത 10 ഹോട്ട്സ്പോട്ടുകളിൽ നടപ്പിലാക്കുന്നതുമായ എ.ഡി.ബി സഹായത്തോടെയുള്ള "കേരള സുസ്ഥിര തീരസംരക്ഷണവും കാലാവസ്ഥാ പ്രതിരോധ ആസൂത്രണ പദ്ധതിക്ക്" തത്വത്തിലുള്ള ഭരണാനുമതി നൽകുന്നതിനായുള്ള മിഷൻ ഡയറക്ടറുടെ ശുപാർശ ധനകാര്യ വകുപ്പിന് കൈമാറുകയും, പ്രസ്തുത വകുപ്പ് താഴെ പറയുന്ന പ്രകാരം അറിയിക്കുകയും ചെയ്തിട്ടുണ്ട്:-

"AD is informed to place the proposal in the Cabinet.

This has the approval of Hon.Chief Minister of Kerala."

## തീരുമാനിക്കേണ്ട വിഷയം

**(എ)** മിഷൻ ഡയറക്ടർ സമർപ്പിച്ച 12 ഹോട്ട്സ്പോട്ടുകളിൽ (Hotspots) അംഗീകാരം ലഭ്യമായ, ചെല്ലാനം രണ്ടാം ഘട്ടം (Chellanam Phase II), കൊല്ലംകോട്

എന്നിവ ഒഴിവാക്കിക്കൊണ്ട് താഴെ പറയുന്ന 10 ഹോട്ട്സ്പോട്ടുകളിലെ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾക്കായി, "കേരള സുസ്ഥിര തീരസംരക്ഷണവും കാലാവസ്ഥാ പ്രതിരോധ ആസൂത്രണ പദ്ധതി" പ്രകാരം എ.ഡി.ബി (ADB) ധനസഹായം ലഭ്യമാക്കി പദ്ധതി നടപ്പിലാക്കുന്നതിന് തത്വത്തിലുള്ള അനുമതി (In-principle Sanction) നൽകാവുന്നതാണോ ?

1. തിരുവനന്തപുരം-ശംഖുമുഖം
2. തിരുവനന്തപുരം-വർക്കല
3. കൊല്ലം-ആലപ്പാട്
4. ആലപ്പുഴ-വലിയഴീക്കൽ-തൃക്കുന്നപ്പുഴ
5. എറണാകുളം-വൈപ്പിൻ
6. തൃശ്ശൂർ-കൊടുങ്ങല്ലൂർ-കൈപ്പമംഗലം
7. മലപ്പുറം-പൊന്നാനി
8. കോഴിക്കോട് -കാപ്പാട്
9. കണ്ണൂർ - തലശ്ശേരി
10. കാസർഗോഡ് - വലിയപറമ്പ

**(ബി)** കൂടാതെ, ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട ലോകബാങ്ക് പദ്ധതികൾക്കായി നിലവിൽ രൂപീകരിച്ചിട്ടുള്ള മിഷൻ ഡയറക്ടറേറ്റ് ഫോർ പി.എം.യു-ഡബ്ല്യു.ആർ.ഡി (Mission Directorate for PMU-WRD) മുഖേന ഈ പദ്ധതിയുടെ നിർവ്വഹണം നടത്തുന്നതിന് അനുമതി നൽകാവുന്നതാണോ?